# കുന്നോത്തുപറമ്പ ഗ്രാമപഞ്ചായത്ത് 2024-25 വാർഷിക ബഡ്ജറ്റ്

## അവലോകനം

കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത് 62 ാം വാർഷിക ബഡ്ജറ്റും ഈ ഭരണസമിതിയുടെ 4 ാം ബഡ്ജറ്റുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. 2020 ൽ നിലവിൽ വന്ന ഈ ഭരണസമിതിയുടെ **"ജനസൗഹൃദ - പ്രകൃതിസൗഹൃദ കുന്നോത്തുപറമ്പ"** എന്ന ലക്ഷ്യത്തിലേക്ക് നാം ഒരു ചുവട് കൂടി അടുക്കുകയാണ്. ജനപക്ഷത്ത് നിന്നുകൊണ്ട് പ്രകൃതി സൗഹൃദ വികസനമാണ് നമ്മുടെ ഓരോ പദ്ധതികളിലൂടെയും ലക്ഷ്യമിടുന്നത്.

നമ്മുടെ സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ ദുരന്തമാണ് നാംനിർമ്മിക്കുന്ന, നമ്മൾ കാരണം നിർമ്മിക്കപ്പെടുന്ന മാലിന്യം . ഈ ഉത്തരാധുനിക കാലത്ത് നമ്മുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് ഒഴിച്ചുകാടാനാവാത്തതും , നിയമ നിർമ്മാണത്തിലൂടെ പൂർണ്ണമായും തടയാൻ സാധിക്കാത്തുമായ പ്ലാസ്റ്റിക് , ഗ്ലാസ്സ് , ഇലക്ട്രോണിക് ചിപ്പുകൾ തുടങ്ങി നോൺ ബയോ ഡീഗ്രേഡബിൾ മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുക എന്നത് വലിയ വെല്ലുവിളിയാണ്. ഈ രംഗത്ത് നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനാംഗങ്ങൾ മഹത്തായ സേവനമാണ് നടത്തുന്നത്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിൽനിന്നും , സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിൽ ഹരിതകർമ്മ സേന സ്തുത്യർഹ സേവനമാണ് നടത്തുന്നത്. ഈ പ്രൗഢമായ സദസ്സിൽ ഞാൻ അവരെ ഓരോരുത്തരെയും അഭിനന്ദിക്കുകയാണ്.

2023-24 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചുവരികയാണ്. ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി കേന്ദ്ര- സംസ്ഥാന- പഞ്ചായത്ത് സംയുക്ത പദ്ധതിയായ ജൽ ജീവൻ മിഷൻ 2024-25 ൽ പൂർത്തീരിക്കുന്നതിനായി പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. പഴശ്ശി പദ്ധതി പ്രദേശത്തുനിന്നും പൈപ്പ്ലൈൻ വഴി കൊണ്ടുവരുന്ന കുടിവെള്ളം ശേഖരിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനുമായി കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത് അടക്കം 5 പഞ്ചായത്തുകൾ കൂടി ഇരിട്ടി താലൂക്കിലെ ചാവശ്ശേരി വില്ലേജിൽ മുത്തപ്പൻഗിരി എന്ന സ്ഥലത്ത് ഒരേക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തുസ്ഥാപിക്കുന്ന ശുദ്ധീകരണ പ്ലാന്റിൽനിന്നുള്ള കുടിവെള്ളം ഗ്രാമപഞ്ചായത്തിലെ കൈവേലിക്കൽ-മത്തിക്കളം എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത 60 സെന്റ് ഭൂമിയിൽ സ്ഥാപിക്കുന്ന ടാങ്കിൽ എത്തിക്കുകയും , അവിടെ നിന്നും ഗുണഭോക്താക്കൾക്ക് വിതരണംചെയ്യുകയുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പൈപ് ലൈൻ സ്ഥാപിക്കുന്നതിന്റെ 50 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞു.

കുന്നോത്തുപറമ്പ ഗ്രാമപഞ്ചായത്തിൽ **ലൈഫ് ഭവന പദ്ധതിയിൽ** ഉൾപ്പെട്ട 66 ഗുണഭോക്താക്കളിൽ 39 വീടുകൾ പൂർത്തീകരിച്ചു. ബാക്കി 27 വീടുകൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.

നടപ്പ് വർഷം ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 46 വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

വഴിയാത്രക്കാർക്കും അന്യസംസ്ഥാന തൊഴിലാളികൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പാറാട് ടൗണിൽ സ്ഥാപിച്ച വാട്ടർ എ ടി എം ജില്ലയിൽ ഇത്തരം ആദ്യ സംരഭമാണ്. കൂടാതെ പാറാട് ടൗൺ സൗന്ദര്യ വൽകരണം നട്പ്പ് വർഷം പൂർത്തീകരിച്ചു. ഈ ബഡ്ജറ്റ് വർഷം വാട്ടർ എ. ടി.എം വരപ്ര, കുന്നോത്തുപറമ്പ ടൗണുകളിൽകൂടി സ്ഥാപിക്കാൻ ഉദ്ധേശിക്കുന്നു.

ഗ്രാമപഞ്ചായത്തിന് അനുവദിക്കപ്പെട്ട നഗരസഞ്ചയ ഫണ്ട് ഉപയോഗപ്പെടുത്തി വിപുലീകരിച്ച കുളവട്ടം കുളം വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും നീന്തൽപഠിക്കുന്നതിന് മികച്ച സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്.

മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 1,50,000 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 13 റോഡുൾ കോൺക്രീറ്റ് ചെയ്തു. ആകെ 6,00,00,000 രൂപ ചെലവഴിച്ചു.

**<u>ജനസൗഹൃദ-പ്രകൃതി സൗഹൃദ കുന്നോത്തുപറമ്പ 2024-25</u>**

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം, മറ്റ് തദ്ധേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, വിവിധ സർക്കാർ മിഷനുകളിൽനിന്നുള്ള ധനസഹായം , ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം , ഗുണഭോക്തൃവിഹിതം എന്നിവ പ്രതീക്ഷിച്ചുകൊണ്ടാണ് 2024-25 വാർഷിക ബഡ്ജറ്റ് തയാറാക്കിയിരിക്കുന്നത്.

ഫലപ്രദമായ സാമ്പത്തിക നിയന്ത്രണത്തിലൂടെയും , കൃത്യമായ സാമ്പത്തിക മാനേജ്മെന്റിലൂടെയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ ഗ്രാമപഞ്ചായത്തിന് മുന്നോട്ട്പോകാൻ സാധിക്കുകയുള്ളു. ലഭിക്കേണ്ട മുഴുവൻ നികുതികളും, ഫീസുകളും പിരിച്ചെടുക്കുന്നതിനും , പദ്ധതി തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും നാം പ്രതിഞ്ജാബദ്ധരാണ്.

തനത് ഫണ്ട് **26,20,748.00** രൂപ പ്രാരംഭ ബാക്കിയിൽ നിന്നാണ് നാം ഈ ബഡ്ജറ്റ് ആരംഭിക്കുന്നത്.

**<u>നികുതി /നികുതിയേതര വരമാനം വർദ്ധിപ്പിക്കും</u>**

മുഴുവൻ അനധികൃത നിർമ്മാണങ്ങളും , കൂട്ടിച്ചേർക്കലുകളും കണ്ടെത്തി റഗുലറൈസേഷൻ ഫീസും, നികുതിയും ചുമത്തും.

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ അനധികൃത കച്ചവട/ ചെറുകിട വ്യവസായ സ്ഥാപനങ്ങളെയും കണ്ടെത്തി FACTEOS ലൈസൻസ് പരിധിയിൽ കൊണ്ടുവരും. മുഴുവൻ സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും തൊഴിൽനികുതി ചുമത്തും. നിരോധിത ഉൽപന്നങ്ങളുടെ വിൽപന തടയുന്നതിനും , ശുചിത്വ നിലവാരം പാലിക്കുന്നതിനും നിരന്തര പരിശോധന നടത്തും.

**ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തും.**

സ്ഥലപരിമിതിമൂലം വീർപ്പ്മുട്ടുന്ന ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിനായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചുവരുന്നു. പൂർണ്ണമായും ജനകീയ പങ്കാളിത്തത്തോടെ, ജനകീയ സമിതിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന സ്ഥലെടുപ്പ് കാമ്പയിൻ അതിന്റെ അവസാന ഘട്ടത്തിലാണ്. ജഡ്ജറ്റ് വർഷത്തിൽ പുതിയ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം ആരംഭിക്കും . സംസ്ഥാന ഗവൺമെന്റ് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി **5,00,00,000** രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് കൂടി ഉൾപെടുത്തി കെട്ടിടനിർമ്മാണത്തിനായി **5,05,00,000.00** രൂപ വകയിരുത്തുന്നു.

**ശുചിത്വം – മാലിന്യ സംസ്കരണം**

പ്രാരംഭത്തിൽ സൂചിപ്പിച്ചത്പോലെ , പ്രകൃതി സൗഹൃദ കുന്നോത്തുപറമ്പ് എന്ന യാഥാർത്ഥ്യത്തിലേക്കുള്ള ചുവടുവെപ്പിൽ ഈ ബഡ്ജറ്റ് ഏറ്റവുംകൂടുതൽ പ്രാധാന്യം നൽകുന്നത് ശുചിത്വം മാലിന്യ സംസ്കരണം മേഖലയിലാണ്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും നമ്മുടെ ഹരിത കർമ്മ സേന **നോൺ ബയോ ഡീഗ്രേഡബിൾ** മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. മുഴുവൻ വീടുകളിൽനിന്നും/സ്ഥാപനങ്ങളിൽനിന്നും യൂസർ ഫീ കളക്ട് ചെയ്യുന്നതിനുള്ള നടപടികൾ നാം സ്വീരിച്ചുവന്നിട്ടുണ്ട്.

ബഡ്ജറ്റ് വർഷം മുഴുവൻ വീടുകൾക്കും **റിംഗ് കമ്പോസ്റ്റ്** വിതരണംചെയ്യുന്നതിന് ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു.

എല്ലാ കച്ചവട / കച്ചവടേതര സ്ഥാപനങ്ങളിലും ഉടമകളുമായി സഹകരിച്ച് **വേസ്റ്റ് ബിന്നുകൾ** സ്ഥാപിക്കും. ടൗണുകളിലും പൊതു/സ്വകാര്യ സ്ഥലങ്ങളിലും അനധികൃതമായി വേസ്റ്റുകൾ നിക്ഷേപിക്കുന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കും.

നിള്ളങ്ങൽ എം.സി.എഫിൽ **പ്ലാസ്റ്റിക് ബൈലിംഗ്** മെഷീൻ സ്ഥാപിക്കും.

ആകെ **1,29,94,500** രൂപ ശുചിത്വം മാലിന്യ നിർമ്മാർജ്ജനം പദ്ധതികൾക്കായി വകയിരുത്തുന്നു.

**ടൂറിസം വികസനം**

പ്രകൃതിഭംഗികൊണ്ട് അനുഗ്രഹീതമാണ് കുന്നോത്തുപറമ്പ ഗ്രാമപഞ്ചായത്ത് . ഗ്രാമപഞ്ചായത്തിലെ ടൂറിസം സാധ്യതകൾ പഠിക്കുന്നതിന് സമിതി രൂപീകരിക്കും.

**ജലസംരക്ഷണം / കുടിവെള്ളം**

ജലസംരക്ഷണ/ കുടിവെള്ള പദ്ധതികൾക്കായി **1,05,32,500** രൂപ വകയിരുത്തുന്നു. അംഗൻവാടികൾക്ക് കുഴൽകിണർ, പൊതു കിണറുകളുടെ ശുചീകരണം, വരപ്ര / ചെറുപ്പറമ്പ് ടൗണുകളിൽ വാട്ടർ എ ടി എം , അംഗൻവാടികൾക്ക് കുടിവെള്ള ശുചീകരണ സംവിധാനം, പുത്തൂർ വി സി ബി അറ്റകുറ്റപ്പണി തുടങ്ങിയ പദ്ധതികൾ ഈ വിഭാഗത്തിൽ ഉദ്ധേശിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും , ജലസേചന പ്രവർത്തനങ്ങൾക്കുമായി മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മുഴുവൻ തോടുകളിലും തടയണകൾ നിർമ്മിക്കും.

**ഭവന നിർമ്മാണം/ വീട് വാസയോഗ്യമാക്കൽ**

സ്വന്തമായി ഒരു കൂര എന്നത് ഏതൊരാളുടെയും ജീവിതാഭിലാഷമാണ്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് എന്നത് നമ്മുടെ സ്വപ്നമാണ്. ആ സ്പ്ന സാക്ഷാത്കാരത്തിലേക്ക് കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത് നടന്നടുക്കുകയാണ്. സംസ്ഥാന സർക്കാറുമായി സഹകരിച്ച് നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും, ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭവന പുനരുദ്ധാരണ പദ്ധതികൾക്കുമായി **1,40,75,000** രൂപ വകയിരുത്തുന്നു.

**കൃഷി/മൃഗ സംരക്ഷണം/വ്യവസായം**

കൃഷി മൃഗസംഗക്ഷണ മേഖല ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറയാണ്. കാർഷിക മൃഗസംരക്ഷണ മേഖലയെ പഴയ പ്രതാപത്തിലേക്ക് എത്തിക്കുന്നതിനായുള്ള ബൃഹത്തായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് വിഭാവനംചെയ്യുന്നു. കുരുമുളക്, വാഴ, പച്ചക്കറി, കവുങ്ങ്, കശുവണ്ടി തുടങ്ങി കാർഷിക വികസന പദ്ധതികൾക്കും, പശു/എരുമ വളർത്തൽ, കന്നുകുട്ടി പരിപാലന പദ്ധതികൾ , മത്സ്യകൃഷി തുടങ്ങിയ മേഖലകളിൽ അതി നൂതന പദ്ധതികൾക്കായി ആകെ **1,02,81,640** രൂപ വകയിരുത്തുന്നു.

**മഞ്ഞൾ ഗ്രാമം പദ്ധതി** ഗ്രാമപഞ്ചായത്തിനെ മഞ്ഞൾ സ്വയംപര്യാപ്തതയിലെത്തിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ്. മഞ്ഞളിന്റെ ഔഷധഗുണവും, രോഗപ്രതിരോധ ശേഷിയും, സൗന്ദര്യ വർദ്ധക ഗുണങ്ങളും മനസിലാക്കി മുഴുവൻ വീടുകളിലും മഞ്ഞൾ കൃഷി വ്യാപിപ്പിക്കുന്നതിനും സ്വന്തം ഉപയോഗത്തിനുശേഷം മിച്ചമുള്ളവ കുടുംബശ്രീ വെജിറ്റബിൾ കിയോസ്ക് വഴി വിറ്റഴിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തും.

**<u>വിദ്യാഭ്യാസ പ്രവർത്തനങ്ങൾ</u>**

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലെയും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി **27,95,000** രൂപ വകയിരുത്തുന്നു.

**<u>കല/കായികം/സാംസ്കാരികം</u>**

കലാ കായിക സാംസ്കാരിക മേഖലക്കായി 2024-25 വാർഷിക ബഡ്ജറ്റിൽ **10,00,000** രൂപ വകയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പുനരുദ്ധാരണം, ലൈബ്രറി കൗൺസിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് ന്യൂസ് പേപ്പർ വിതരണം, കേരളോൽസവം തുടങ്ങിയ പദ്ധതികൾ ഈ വിഭാഗത്തിൽ ഉദ്ദേശിക്കുന്നു.

**<u>ആരോഗ്യ മേഖല</u>**

ഗ്രാമപഞ്ചായത്ത് ഫാമിലി ഹെൽത്ത് സെന്റർ എല്ലാതരം ചികിൽസാ സൗകര്യങ്ങളും ഉള്ള ജില്ലയിലെ തന്നെ മികച്ച ഒരു എഫ. എച്ച്. സി ആണ്. ആരോഗ്യ രംഗത്തെ ആധുനിക വൽക്കരണത്തിനും , മികച്ച ചികിൽസാ സൗകര്യങ്ങൾക്കുമായി **53,66,000** രൂപ വകയിരുത്തുന്നു. എഫ്.എച്ച്.സി ആധുനിക വൽക്കരണം, സബ്സെന്റുകളുടെ ആധുനികവൽക്കരണം, എഫ.എച്ച്.സി, ഹോമിയോ, ആയുർവേദ ഡിസ്പെൻസറികളിൽ മരുന്ന്, കിടപ്പ് രോഗീ പരിചരണം, ഡോക്ടർ പാരാമെഡിക്കൽ സ്റ്റാഫ് നിയമനം, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ മേഖലയിൽ ഉദ്ധേശിക്കുന്ന പദ്ധതികളാണ്.

**<u>പട്ടിക ജാതി/ പട്ടിക വർഗ്ഗ ക്ഷേമ പദ്ധതികൾ</u>**

പട്ടിക ജാതി/ പട്ടിക വർഗ്ഗ ക്ഷേമ പദ്ധതികൾക്ക് പ്രത്യേകമായി **10,49,000** രൂപ വകയിരുത്തുന്നു.

**<u>അംഗൻവാടി പോഷകാഹാരം/ അനുബന്ധ പദ്ധതികൾ</u>**

അംഗൻവാടി പോഷകാഹാര പദ്ധതിക്കും അനുബന്ധ പദ്ധതികൾക്കുമായി **49,65,000** രൂപ വകയിരുത്തുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ **5,50,00,000** രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. 2200 ഓളം സജീവ തൊഴിലാളികൾക്ക് കൂലി, ബി.പി.എൽ വിഭാഗത്തിൽപെട്ട തൊഴിൽകാർഡ് ഉടമകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ കാലിത്തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട് കൂടാതെ കിണർ, കിണർ റീചാർജ്, കമ്പോസ്റ്റ് പിറ്റ്, സോക് പിറ്റ്, അസോള ടാങ്ക്, തീറ്റപുൽ കൃഷി, ഫാം പോണ്ട് എന്നിവയും ഈ വിഭാഗത്തിൽ ലക്ഷ്യമിടുന്നു.

## വനിത/ശിശു/വയോജന ക്ഷേമ പദ്ധതികൾ

വനിത, ശിശു, വയോജന ക്ഷേമത്തിനുള്ള പ്രത്യേക പദ്ധതികൾക്കായി **21,87,460** രൂപ വകയിരുത്തുന്നു.

## എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ബ്ലോക് പഞ്ചായത്ത് വഴി നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

കക്കോട്ടുവയൽ അംഗൻവാടി വർക്ക്
കുണ്ടുംകര അംഗൻവാടി വർക്ക്
എലിക്കുന്ന് ചിറ്റിക്കര – കിലൂണിച്ചാൽ ആംബക്കൽ റോഡ്
മുളിയാംതോട് അംഗൻവാടി മുകൾനില സാംസ്കാരിക നിലയം
മിനിമാസ്റ്റ് ലൈറ്റ്

## പ്രതീക്ഷിത വരവുകൾ

| **നികുതി വരവുകൾ** | |
|---|---|
| വസ്തു നികുതി | 58,00,000 |
| തൊഴിൽ നികുതി | 22,05,000 |
| **ആകെ നികുതി വരവ്** | **80,05,000** |
| **നികുതി ഇതര വരവുകൾ** | |
| ഫീസ് , യൂസർ ചാർജ് | 7,70,500 |
| ലൈസൻസ് ഫീസ് | 4,00,000 |
| വിൽപന, വാടക | 80,000 |
| നിക്ഷേപങ്ങളിൽനിന്നുള്ള വരവ് | 20,000 |

| | |
|---|---|
| മറ്റ് പലിശകൾ | 14,00,000 |
| കെട്ടിട നിർമ്മാണ പർമിറ്റ് | 75,00,000 |
| മറ്റ് വരവുകൾ | 25,000 |
| **ആകെ നികുതി ഇതര വരവുകൾ** | **1,01,95,500** |
| **ആകെ തനത് ഫണ്ട്** | **1,82,00,500** |
| | |
| **ജനറൽ പർപ്പസ് ഫണ്ട്** | |
| **ജനറൽ പർപ്പസ് ഫണ്ട്** | **2,73,96,000** |
| | |
| **പദ്ധതി ചെലവുകൾക്കുള്ള വിഹിതം – റവന്യു വരവുകൾ** | |
| ദുരിതാശ്വാസ നിധി | 1,50,000 |
| ഗുണഭോകതൃ വിഹിതം | 22,25,500 |
| മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി | 5,00,00,000 |
| സംസ്ഥാന വിഹിതം | 21,25,000 |
| അംഗൻവാടി പോഷകാഹാരം | 15,00,000 |
| വികസന ഫണ്ട് ജനറൽ | 2,56,69,000 |
| വികസന ഫണ്ട് (എസ്.സി.പി) | 8,72,000 |
| വികസന ഫണ്ട് (ടി.എസ്.പി) | 1,05,000 |
| വികസന ഫണ്ട് (സി.എഫ്.സി) | 31,61,000 |
| മെയിന്റനൻസ് (റോഡ്) | 2,08,38,000 |
| മെയിന്റനൻസ് (നോൺ റോഡ്) | 35,98,000 |
| ബ്ലോക്ക് /ജില്ല/കോർപറേഷൻ വിഹിതം | 2,32,55,000 |
| വിമുക്തി ഫണ്ട് | 25,000 |
| | |

| | |
|---|---|
| **ആകെ റവന്യു വിഹിതം** | **13,35,23,500** |
| **സംസ്ഥാനാവിഷ്കൃത പരിപാടികൾ (പെൻഷൻ,…….)** | |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | **11,05,00,000** |
| **പദ്ധതി ചെലവുകൾക്കുള്ള വിഹിതം – മൂലധന വരവുകൾ** | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,00,000 |
| സ്വച് ഭാരത് അഭിയാൻ ഫണ്ട് | 8,40,000 |
| മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി | 50,00,000 |
| സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ് | 1,11,14,000 |
| സംസ്ഥാന വിഹിതം(കെട്ടിട നിർമ്മാണം) | 5,00,00,000 |
| **ആകെ മൂലധന വിഹിതം** | **6,74,54,000** |

<u>പ്രതീക്ഷിത വരവുകൾ– സംഗ്രഹം</u>

| | |
|---|---|
| **മുൻ ബാക്കി** | **26,20,748** |
| **ആകെ നികുതി വരവ്** | **80,05,000** |
| **ആകെ നികുതി ഇതര വരവുകൾ** | **1,01,95,500** |
| **ആകെ തനത് ഫണ്ട്** | **1,82,00,500** |
| **മുൻ ബാക്കി + ആകെ** | **2,08,21,248** |
| **ജനറൽ പർപ്പസ് ഫണ്ട്** | **2,73,96,000** |
| **ആകെ റവന്യു വിഹിതം (പദ്ധതി)** | **13,35,23,500** |
| **സംസ്ഥാനാവിഷ്കൃത ഫണ്ട് (പെൻഷൻ, മറ്റ് സോഷ്യൽ സെക്യൂരിറ്റി സ്കീം)** | **11,05,00,000** |
| | |

| | |
|---|---|
| **ആകെ മൂലധന വിഹിതം (പദ്ധതി)** | **6,74,54,000** |
| **2023-24 ലെ ആകെ പ്രതീക്ഷിത വരവ്** | **35,96,94,748** |

## വകയിരുത്തലുകൾ

### അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ

| | |
|---|---|
| ശമ്പളം, ഹോണറേറിയം, യാത്രാബത്ത, ഉൽസവ ബത്ത, മറ്റ് സേവന ആനുകൂല്യങ്ങൾ, കരാർ വേതനം, കൂലി, മറ്റ് അലവൻസുകൾ | 2,97,10,000 |
| ഓഫീസ് ചെലവുകൾ, ടെലിഫോൺ ചാർജ്, അച്ചടി, സ്റ്റേഷനറി, ആനുകാലികങ്ങൾ, ഇൻഷ്യുറൻസ്, മെമ്പർഷിപ്പ്, തെരെഞ്ഞെടുപ്പ്, പ്രൊഫഷണൽ സേവനങ്ങൾ, കോടതി ചെലവുകൾ, അറ്റകുറ്റപ്പണി | 70,15,000 |
| വൈദ്യുതി, ഡീസൽ, പെട്രോൾ, സംരക്ഷണ /അറ്റകുറ്റ പണികൾ | 26,70,000 |
| പലിശയും അനുബന്ധ ചെലവുകളും | 26,000 |
| | |
| **ആകെ അനിവാര്യ ചെലവുകൾ** | **3,94,21,000** |

# പദ്ധതി ചെലവുകൾ

### ഉൽപാദന മേഖല

| | |
|---|---|
| നെൽ കൃഷി | 1,77,640 |
| തെങ്ങ് കൃഷി | 5,00,000 |

| | |
|---|---|
| കുരുമുളക് കൃഷി | 1,00,000 |
| വാഴ കൃഷി | 4,00,000 |
| പച്ചക്കറി കൃഷി | 95,000 |
| കവുങ്ങ് കൃഷി | 1,50,000 |
| കശുവണ്ടി കൃഷി | 1,00,000 |
| മറ്റ് കാർഷിക വികസന പരിപാടി | 10,15,000 |
| കന്നുകുട്ടി പരിപാലനം | 25,00,000 |
| പശു വളർത്തൽ | 5,00,000 |
| എരുമ വളർത്തൽ | 4,00,000 |
| സ്കൂൾകുട്ടികൾക്ക് മുട്ടക്കോഴി വിതരണം | 8,19,000 |
| മറ്റ് മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ | 14,50,000 |
| മത്സ്യ കൃഷി | 1,00,000 |
| ദുരന്ത നിവാരണം, ജല സംരക്ഷണം | 65,00,000 |
| കുടുംബശ്രീ സംരംഭങ്ങൾ | 12,00,000 |
| മറ്റ് വ്യവസായ സംരംഭങ്ങൾ | 7,75,000 |
| **ആകെ ഉൽപാദന മേഖല** | **1,67,81,640** |

**<u>സേവന മേഖല</u>**

| | |
|---|---|
| പ്രി പ്രൈമറി/പ്രൈമറി/ ഹൈസ്കൂൾ വിദ്യാഭ്യാസം | 7,95,000 |

| | |
|---|---|
| വിദ്യാഭ്യാസ നിലവാരം ഉയർത്തൽ ( എസ്.എസ്.എ ) | 20,00,000 |
| സ്പോർട്സ് | 5,20,000 |
| വായനശാല | 3,30,000 |
| കല/സാംസ്കാരികം | 1,50,000 |
| ആരോഗ്യ പരിപാടികൾ | 18,50,000 |
| എഫ്.എച്ച്.സി, ഉപ കേന്ദ്രങ്ങൽ | 10,90,000 |
| ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്ന്(എഫ്.എച്ച്.സി, ഹോമിയോ, ആയുർവേദം) | 20,26,000 |
| ആയുർവേദ ഡിസ്പെൻസറി | 2,00,000 |
| ഹോമിയോ ഡിസ്പെൻസറി | 2,00,000 |
| ശുചിത്വം | 90,00,000 |
| കുടിവെള്ളം | 20,71,000 |
| ഭവന നിർമ്മാണം | 1,40,75,000 |
| അഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി | 5,00,00,000 |
| വൃദ്ധ ക്ഷേമ പരിപാടികൾ | 5,65,400 |
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പിപാടികൾ | 19,44,600 |
| വനിതാ ക്ഷേമം | 4,12,060 |
| പട്ടിക ജാതി ക്ഷേമം | 9,17,000 |
| പട്ടിക വർഗ്ഗ ക്ഷേമം | 1,32,000 |
| പ്രത്യേക ശിശുക്ഷേമ പരിപാടികൾ | 12,10,000 |
| അംഗൻവാടി പോഷകാഹാരം | 40,00,000 |

| | |
|---|---|
| അംഗൻവാടി അനുബന്ധ സൗകര്യങ്ങൾ | 9,65,000 |
| പൊതു വിതരണ സമ്പ്രദായം | 1,32,972 |
| ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ | 12,00,000 |
| മറ്റ് സേവന മേഖലകൾ | 5,50,000 |
| **ആകെ സേവന മേഖല** | **9,74,73,032** |

**സെക്ടറൽ ഡിവിഷനിൽ ഉൾപ്പെടാത്ത വകയിരുത്തലുകൾ**

| | |
|---|---|
| **സെക്ടറൽ ഡിവിഷനിൽ ഉൾപ്പെടാത്ത വകയിരുത്തലുകൾ** | **4,68,913** |

**മെയിന്റനൻസ് പദ്ധതികൾക്കുള്ള വകയിരുത്തലുകൾ**

| | |
|---|---|
| റോഡ് മെയിന്റനൻസ് പദ്ധതികൾ | 2,08,38,000 |
| മറ്റ് മെയിന്റൻസ് പദ്ധതികൾ | 5,68,000 |
| **ആകെ മെയിന്റനൻസ് വകയിരുത്തലുകൾ** | **2,19,04,000** |

**പെൻഷനുകളും മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികളും**

| | |
|---|---|
| **പെൻഷനുകളും സാമൂഹ്യ സുരക്ഷാ പദ്ധതികളും** | **11,05,00,000** |

## ആസ്തി

| | |
|---|---|
| മാലിന്യ സംസ്കരണം | 28,57,500 |
| ഓഫീസ് കെട്ടിട നിർമ്മാണം | 5,05,00,000 |
| ടേക് എ ബ്രേക്ക് കെട്ടിട നിർമ്മാണം | 15,00,000 |
| റോഡ് നിർമ്മാണം | 1,01,85,000 |
| കുടിവെള്ള പദ്ധതികൾ | 19,61,500 |
| സ്ട്രീറ്റ് ലൈറ്റ് വൈദ്യുതീകരണം | 21,00,000 |
| മറ്റ് പദ്ധതികൽ | 5,00,000 |
| **ആകെ മൂലധന ചെലവുകൾ** | **6,96,04,000** |

## ബഡ്ജറ്റ് സംഗ്രഹം

| | |
|---|---|
| **മുൻ ബാക്കി** | **26,20,748** |
| **ആകെ നികുതി വരവ്** | **80,05,000** |
| **ആകെ നികുതി ഇതര വരവുകൾ** | **1,01,95,500** |
| **ജനറൽ പർപ്പസ് ഫണ്ട്** | **2,73,96,000** |
| **ആകെ റവന്യൂ വിഹിതം (പദ്ധതി)** | **13,35,23,500** |
| **സംസ്ഥാനാവിഷ്കൃത ഫണ്ട് (പെൻഷൻ, മറ്റ് സോഷ്യൽ സെക്യൂരിറ്റി സ്കീം)** | **11,05,00,000** |
| **ആകെ മൂലധന വിഹിതം (പദ്ധതി)** | **6,74,54,000** |
| **2024–25 ലെ ആകെ പ്രതീക്ഷിത വരവ്** | **35,70,74,000** |
| **പ്രാരംഭ ബാക്കി + ആകെ** | **35,96,94,748** |
| | |

| | |
|---|---|
| അനിവാര്യ ചുമതലകൾക്കുള്ള വകയിരുത്തൽ | 3,94,21,000 |
| റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | 13,66,27,585 |
| റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | 11,05,00,000 |
| ആകെ റവന്യു ചെലവുകൾ | 28,65,48,585 |
| ആകെ മൂലധന ചെലവുകൾ | 6,96,04,000 |
| **ആകെ ചെലവുകൾ** | **35,61,52,585** |
| **നീക്കി ബാക്കി** | **35,42,163** |

ശ്രീ ഒ.എൻ.വി. കുറുപ്പിന്റെ പ്രശസ്തമായ നാലുവരികളിൽ ഞാൻ ഈ ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിക്കട്ടെ.

**മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൻ**

**നിഴലിൽ നീ നാളെ മരവിക്കെ**

**ഉയിരറ്റ നിൻമുഖത്തശ്രുബിന്ദുക്കളാൽ**

**ഉദകം പകർന്നു വിലപിക്കാൻ**

**ഇവിടെയവശേഷിക്കയില്ലയാരും ഈ ഞാനും**

**ഇതു നിനക്കായ് ഞാൻ കുറിച്ചിടുന്നു**

**ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്ന**

**മൃതിയിൽ നിനക്കാത്മ ശാന്തി**

-നന്ദി-